ISSUE: 139 www.keralacartoonacademy.com KCA weekly E-news bulletin ● Dated 10-08-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon


**KCA Icon**
Anjan Sathish
Suresh Eriyat

## എയ്മ കേരള കാർട്ടൂൺ അക്കാദമി കാർട്ടൂൺ മത്സരം




കേരള കാർട്ടൂൺ അക്കാദമിയും ആൾ ഇന്ത്യ മലയാളി അസോസിയേഷനും (എയ്മ) ചേർന്ന് സ്ക്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി നടത്തിയ മത്സര വിജയികൾക്കുള്ള സമ്മാനം സെപ്തംബറിൽ നൽകും. വിജയികൾക്കുള്ള ക്യാഷ് അവാർഡ് ആഗസ്റ്റ് മാസം തന്നെ നൽകും. കാർട്ടൂൺ മത്സരത്തിൽ പങ്കെടുത്തവർക്കെല്ലാം സർട്ടിഫിക്കറ്റ് ഇമെയിൽ വഴി നൽകിയിട്ടുണ്ട്. ●

## മധൂസിന്റെ എലിവേറ്റഡ് അക്കാദമി





കേരള കാർട്ടൂൺ അക്കാദമി നിർവാഹക സമിതി അംഗം കാർട്ടൂണിസ്റ്റ് മധൂസ് എലിവേറ്റഡ് അക്കാദമി എന്ന സ്ഥാപനം തുടങ്ങുന്നു. പി.എസ്.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കുള്ള പരിശീലന കേന്ദ്രമാണ് അത്. തൃശൂർ പട്ടണത്തിനോടടുത്ത് സ്ഥിതി ചെയ്യുന്ന വിയ്യൂരാണ് എലിവേറ്റഡ് അക്കാദമി സെന്റർ. അധ്യാപന ബിരുദമുള്ള മധൂസ് സർക്കാർ സർവീസിൽ നിന്ന് റിട്ടയർ ചെയ്ത ശേഷമാണ് ഒരു യഥാർത്ഥ അധ്യാപകനാകുന്നത്. മധൂസിന് കേരള കാർട്ടൂൺ അക്കാദമിയുടെ എല്ലാ ആശംസകളും. ●



## വാമനപുരം മണിയുടെ ഷോട്ട് ഫിലിം

കേരള കാർട്ടൂൺ അക്കാദമി അംഗം വാമനപുരം മണി ഒരു ഷോർട്ട് ഫിലിമിൽ വേഷമിട്ടിരിക്കുന്നു. ഡീലം സലി സംവിധാനം ചെയ്ത സെക്കന്റ് ഹാഫ് എന്ന ഷോട്ട് ഫിലിമിലാണ് മണി അഭിനയിച്ചിരിക്കുന്നത്. ●

## പുസ്തക പരിചയം




# മൂർക്കാ ജ്യോതിഷി

ബി. ജി. ഗുജ്ജാരപ്പ

**മൂർക്കാ** ജ്യോതിഷി എന്ന പേരിൽ പ്രശസ്ത കന്നഡ കാർട്ടൂണിസ്റ്റ് ബി. ജി. ഗുജ്ജാരപ്പ തന്റെ കാർട്ടൂണുകളുടെ സമാഹാരം പുറത്തിറക്കിയിരിക്കുന്നു. തൊഴിൽപരമായി, ഗുജ്ജർ വിവിധ കലാ രൂപങ്ങളിൽ പരീക്ഷണങ്ങൾ നടത്തുന്ന ഒരാളാണ്. മറ്റുള്ളവരുമായുള്ള ഇടപെടലുകളിൽ നിന്നുള്ള ഒരു രക്ഷാമാർഗ്ഗമെന്ന നിലയിൽ 12-ാം വയസ്സിലാണ് അദ്ദേഹം ആദ്യമായി തൂലിക കൈയ്യിലെടുത്തത്. സാധാരണമായ പശ്ചാത്തലം കാരണം ഭാഷാപരമായ പരിമിതികളും, ആത്മവിശ്വാസക്കുറവും, പുറംലോകവുമായുള്ള പരിചയക്കുറവും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ താമസിയാതെ, കല അദ്ദേഹത്തിന്റെ ആശയവിനിമയത്തിനുള്ള ഉപാധിയായി മാറി. കഴിഞ്ഞ 56 വർഷത്തിനിടയിൽ, പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ്, കാരിക്കേച്ചറിസ്റ്റ്, കുട്ടികൾക്കുള്ള ചിത്രകാരൻ എന്നീ നിലകളിലും മൾട്ടിമീഡിയ, പെയിന്റിംഗ് തുടങ്ങിയ മേഖലകളിലും അദ്ദേഹം വിവിധ കലാ രൂപങ്ങൾ പരീക്ഷിച്ചു.

വേറിട്ട രചനാ ശൈലി കൊണ്ട് ശ്രദ്ധേയനായ ഗുജ്ജാരപ്പയുടെ കാർട്ടൂൺ സമാഹാരം ഈ രംഗത്തേയ്ക്ക് വരുന്നവർക്കും, കാർട്ടൂണിസ്റ്റുകൾക്കും, കാർട്ടൂൺ ആസ്വാദകർക്കും സൂക്ഷിച്ച് വെയ്ക്കാനും പാഠമാക്കാനും ഉതകുന്നതാണ്. ചരിത്രത്തിൽ എം.എ. ബിരുദം നേടിയ ഗുജ്ജാരപ്പ യാദൃച്ഛികമായാണ് കാർട്ടൂൺ രംഗത്തേക്ക് കടന്നുവരുന്നത്. ചിത്രകല പഠിക്കാൻ പ്രത്യേക ആർട്ട് സ്കൂളുകളിലൊന്നും പോയിട്ടില്ല. ഒരു അധ്യാപകനായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയതെങ്കിലും പിന്നീട് ഒരു വാരികയിൽ കാർട്ടൂണിസ്റ്റായി മാറി. ഗുജ്ജാരപ്പ 25 വർഷത്തിനിടയിൽ കുട്ടികൾക്കുള്ളതും അല്ലാത്തതുമായ ആയിരത്തിലധികം പുസ്തകങ്ങൾക്ക് ചിത്രീകരണം നിർവഹിച്ചിട്ടുണ്ട്. കുട്ടികൾക്കായി ആറ് പുസ്തകങ്ങൾ എഴുതുകയും ചിത്രീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിയുടെയും കലയുടെയും ഒരു യഥാർത്ഥ വിദ്യാർത്ഥിയെന്ന നിലയിൽ, ഓരോ ദിവസവും പുതിയ എന്തെങ്കിലും കണ്ടെത്തുകയാണെന്നും തന്റെ ഏറ്റവും മികച്ച സൃഷ്ടി ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്നും ഗുജ്ജാരപ്പ പറയുന്നു. ●




ഗ്രീൻ ബുക്ക്സ് പ്രസിദ്ധീകരിച്ച

കാർട്ടൂണിസ്റ്റ്

●തിരുവനന്തപുരം ●തൃശ്ശൂർ ●കോഴിക്കോട് എന്നിവിടങ്ങിലുള്ള ഗ്രീൻ ബുക്സിൽ നിന്നോ, എറണാകുളം പ്രസ്സ് ക്ലബ്ബ് റോഡിലെ CICC ബുക്ക്സിലോ ഗ്രീൻബുക്ക്സ്, ആമസോൺ എന്നീ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയോ പുസ്തകം വാങ്ങാം